**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 44** **23-01-2025 - ൽ മറുപടിയ്ക്ക്**

**കൊച്ചി സ്മാർട്ട് സിറ്റി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കൊച്ചി സ്മാർട്ട് സിറ്റി പദ്ധതിയുമായി ബന്ധപ്പെട്ട ഭൂമിയുടെ ഫ്രീഹോൾഡ് ടികോം കമ്പനിക്ക് നൽകുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | ഇക്കാര്യത്തിൽ നടപടികൾ ഒന്നും തന്നെ സ്വീകരിച്ചിട്ടില്ല. |
| (ബി) | കൊച്ചി സ്മാർട്ട് സിറ്റി പദ്ധതിയുമായി ബന്ധപ്പെട്ട ഭൂമിയുടെ ഫ്രീഹോൾഡ് സംബന്ധിച്ച് 2011-ൽ ടികോം അധികൃതരുമായി ചർച്ച നടത്തി കൈക്കൊണ്ട തീരുമാനങ്ങൾ വിശദമാക്കുമോ; | (ബി) | 2011 ഫെബ്രുവരി 23-ന് നടപ്പിലാക്കിയ രണ്ട് പാട്ടക്കരാർ മുഖേന 246 ഏക്കർ ഭൂമിയുടെ പാട്ടാവകാശം സ്മാർട്ട്സിറ്റിയ്ക്ക് അനുവദിച്ച നൽകിയിട്ടുണ്ട്. 2011 ൽ തന്നെ SEZ ഭൂമിയുടെ 12% ഫ്രീഹോൾഡ് ആയി മാറ്റുന്നത് SEZ നിബന്ധനകൾക്കുള്ളിൽ നിന്ന് കൊണ്ടും, ലീസ് ആയും മാത്രം ട്രാൻസ്ഫർ ചെയ്യാൻ അനുവദിക്കുന്ന വ്യവസ്ഥ ഉൾപ്പെടുത്തിയിരുന്നു.<br><br>ഇതോടൊപ്പം തന്നെ 10 വർഷത്തിനുള്ളിൽ 90,000 തൊഴിലവസരങ്ങൾ സൃഷ്ടിക്കുക അല്ലെങ്കിൽ ഏറ്റവും കുറഞ്ഞത് 8.8 ദശലക്ഷം ചതുരശ്ര അടി ബിൽറ്റപ്പ് സ്പെയിസ് നിർമ്മിക്കുക എന്നിവയാണ്.ഇത് പാലിക്കുവാൻ സ്മാർട്ട് സിറ്റിയ്ക്ക് കഴിഞ്ഞിട്ടില്ല. |
| (സി) | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ഭൂമിയുടെ ഫ്രീഹോൾഡ് സംബന്ധിച്ച് 2011 ന് സർക്കാരും ടികോം അധികൃതരും എത്ര ചർച്ചകൾ നടത്തിയിട്ടുണ്ടെന്നും അവ എതൊക്കെ തീയതികളിലാണെന്നും അറിയിക്കുമോ; യോഗങ്ങളുടെ മിനുട്സ് ലഭ്യമാക്കാമോ; | (സി) | 2011ൽ കൊച്ചി സ്മാർട്ട് സിറ്റിപദ്ധതി നടപ്പിലാക്കുന്നതിന് ടീകോമുമായി ഭൂമിയുടെ പാട്ടക്കരാറിലേർപ്പെടുകയാണ് ചെയ്തത്. |
| (ഡി) | പ്രസ്തുത ചർച്ചയിൽ സെസ് മേഖലയിൽ ഫ്രീഹോൾഡ് അനുവദിക്കാൻ സാധിക്കില്ല എന്ന സർക്കാർ വാദം ടീകോം അംഗീകരിച്ചിട്ടുണ്ടോ; | (ഡി) | 2011ൽ കൊച്ചി സ്മാർട്ട് സിറ്റിപദ്ധതി നടപ്പിലാക്കുന്നതിന് ടീകോമുമായി ഭൂമിയുടെ പാട്ടക്കരാറിലേർപ്പെടുകയാണ് ചെയ്തത്. |
| (ഇ) | ഇത് സംബന്ധിച്ച് അന്നത്തെ സർക്കാർ നിയമവിദഗ്ധരിൽ നിന്നും ഉപദേശം | (ഇ) | 2011ൽ കൊച്ചി സ്മാർട്ട് സിറ്റിപദ്ധതി നടപ്പിലാക്കുന്നതിന് ടീകോമുമായി ഭൂമിയുടെ പാട്ടക്കരാറിലേർപ്പെടുകയാണ് ചെയ്തത്. |

| | | | |
|---|---|---|---|
| | തേടിയിരുന്നോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ നിയമോപദേശത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ; | | |
| (എഫ്) | സെസ് മേഖലയിൽ ഫ്രീഹോൾഡ് അനുവദിക്കാൻ സാധിക്കില്ല എന്ന നിയമോപദേശത്തെ തുടർന്ന് ഫ്രീഹോൾഡ് ആവശ്യത്തിൽ നിന്നും ടികോം പിന്മാറുകയും മുഴുവൻ 246 ഏക്കർ ഭൂമിക്കും ടികോം സെസ്സ് പദവി ആവശ്യപ്പെട്ടുകയും സർക്കാർ നൽകുകയും ചെയ്തു എന്നത് വസ്തുതയാണോ; വ്യക്തമാക്കുമോ? | (എഫ്) | 12% ലീസ് ഹോൾഡ് ഭൂമി ഫ്രീഹോൾഡാക്കി മാറ്റണമെന്ന ആവശ്യത്തിൽനിന്നും ടീകോം പിന്മാറിയിട്ടില്ല.<br><br>കേരള സർക്കാർ സ്മാർട്ട്സിറ്റിയ്ക്ക് പാട്ടാവകാശം നൽകിയ 246 ഏക്കർ ഭൂമിയിൽ 232.06 ഏക്കർ ഭൂമി (131.41 ഏക്കർ ഭൂമി പ്രൊസസ്സിംഗ് ഏര്യയായും 100.65 ഭൂമി നോൺ-പ്രൊസസ്സിംഗ് ഏര്യയായും) SEZന് കീഴിൽ വിജ്ഞാപനം ചെയ്തിരുന്നു. 13.94ഏക്കർ ഭൂമി SEZ ആയി വിജ്ഞാപനം ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ